# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.799 — 11.06.2014 ൽ മറുപടിക്ക്

## സംസ്ഥാന ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. കെ .ബഷീർ | ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) മുല്ലപ്പെരിയാർ വിഷയത്തിലെ സുപ്രീംകോടതി വി ധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന ഡാം സേഫ്റ്റി അതോറിറ്റിയ്ക്ക് നില നിൽപ്പുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. മുല്ലപ്പെരിയാർ ഡാം ഒഴികെ മറ്റുള്ള ഡാമുകളുടെ സുരക്ഷ പരിശോധനയ്ക്ക് വിധി തടസ്സമല്ല. |
| ( ബി ) ഇല്ലെങ്കിൽ സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷ സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണ് ; | (ബി) ബാധകമല്ല. |
| ( സി ) മുല്ലപ്പെരിയാർ സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട സുരക്ഷാ ഭീഷണിയുടെ കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ? | (സി) ബഹു.സുപ്രീംകോടതിയുടെ 07.05.2014-ലെ വിധിന്യായപ്രകാരം മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്താൻ തമിഴ് നാടിന് അനുമതി ലഭിച്ച സാഹചര്യത്തിൽ; കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. ഇടുക്കി ജില്ലയിലെ മുല്ലപ്പെരിയാറിലും പരിസരത്തും ദുരന്ത |

ലഘൂകരണം, തയ്യാറെടുപ്പ് എന്നിവ ലക്ഷ്യമാക്കി മുല്ലപ്പെരിയാറിന് താഴെ ഇടുക്കി ഡാം വരെ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളാകമാനം ഉൾപ്പെടുത്തിക്കൊണ്ടും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, വിവിധ സേവന ദാതാക്കളുടെ സഹകരണത്തോടെ മുല്ലപ്പെരിയാർ ക്രൈസ്സിസ്സ് മാനേജ്മെന്റ് പ്ളാൻ നടപ്പിലാക്കി വരുന്നു. ജില്ലാ കളക്ടർ നേതൃത്വം നൽകുന്ന ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ആവശ്യമായ സുരക്ഷാപ്രവർത്തനങ്ങൾ നടത്തുവാൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് തലത്തിലും ദുരന്ത നിവാരണ കമ്മറ്റികൾ രൂപീകരിച്ച് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമീപ പ്രദേശത്ത് ദുരന്ത നിവാരണ വകുപ്പിന്റെ ശക്തമായ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും അതുവഴി ജനങ്ങളുടെ ആശങ്കകുറയ്ക്കുന്നതിനുമുള്ള നടപടികൾ സംബന്ധിച്ച് ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ